വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

94

www.industry.kerala.gov.in

15 OCTOBER 2025


# ഇത് നവയുഗ സാക്ഷ്യം

## ആവേശമായി വനിതാ സംരംഭകസംഗമം

Kerala Women Entrepreneurs Conclave 2025
Her Enterprise. Our Future.
THRISSUR | OCTOBER 13

സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കേരള വനിതാ സംരംഭക സംഗമം പുതിയ ചരിത്രമായി. വിവിധ ജില്ലകളിൽ നിന്നുള്ള 1200 വനിതാ സംരംഭകർ ഒരേ കുടക്കീഴിൽ അണിനിരന്ന കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025 തൃശ്ശൂർ ലുലു കൺവെൻഷൻ സെന്ററിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് ഉദ്ഘാടനം ചെയ്തു.

കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ തോതിൽ വനിതാ സംരംഭകർ മുന്നോട്ട് വരുന്നുണ്ടെന്നും, സംരംഭക വർഷത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത സംരംഭകരിൽ 31% സ്ത്രീകളാണ് എന്നതും ഇതിന് ഉദാഹരണമാണെന്നും ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. സ്ത്രീസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സുപ്രധാന ചട്ട ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ വീടുകളുടെ 50 ശതമാനം വരെ സംരംഭത്തിനായി വിനിയോഗിക്കാനുള്ള ലൈസൻസ് ഇതിലൂടെ ലഭിക്കും. ഒഴിഞ്ഞുകിടക്കുന്ന വീടുകളിൽ പൂർണമായും സംരംഭം തുടങ്ങാൻ കഴിയും. സംരംഭകർക്ക് വേണ്ട നൈപുണ്യ വികസനവും സർക്കാർ ഉറപ്പാക്കും. ഓൺലൈൻ വിപണി സജീവമാക്കാൻ ഇ - കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാൻ സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കും. കെ - സ്റ്റോറുകൾ വഴി സംരംഭകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള കരാറിൽ പൊതുവിതരണവകുപ്പുമായി ഒപ്പുവെച്ചിട്ടുണ്ട്. സംഗമത്തിലെ നിറഞ്ഞ പങ്കാളിത്തം കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള സൂചകമാണ്. ബഹു. മന്ത്രി പറഞ്ഞു.

വിവിധ ജില്ലകളിൽ നിന്നായി 1200 - ഓളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ, ഒരു സംരംഭം തുടങ്ങാൻ ആവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് (Single Window System) ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, UDYAM, KSWIFT, GST തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇ - കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം




സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു. 'സാങ്കേതികവിദ്യാധിഷ്ഠിത ഉൽപ്പാദനത്തിൽ വനിതകളുടെ പ്രാധാന്യം' എന്ന വിഷയത്തിലും, കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വനിതാ സംരംഭകർക്ക് നൽകുന്ന പിന്തുണ പദ്ധതികളെക്കുറിച്ചും പ്രത്യേക പാനൽ ചർച്ചകളും കോൺക്ലേവിന്റെ ഭാഗമായി നടന്നു.

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീമതി ആർ ബിന്ദു കോൺക്ലേവ് സന്ദർശിച്ച് സംരംഭകരുമായി ആശയ വിനിമയം നടത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.; വ്യവസായ വകുപ്പ് ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്.; വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി ആനി ജ്യൂല തോമസ് ഐ.എ.എസ്.; കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ. ഹരികൃഷ്ണൻ ഐ.ആർ.ടി.എസ്.; ബി.പി.ടി. എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ. കെ. അജിത്കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

### വനിതാ സംരംഭക കോൺക്ലേവിൽ ശ്രദ്ധേയമായി ബാംബു ക്രാഫ്റ്റ് എക്സിബിഷൻ



സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ തൃശൂരിൽ സംഘടിപ്പിച്ച കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025 ൽ ശ്രദ്ധേയമായി ബാംബു ക്രാഫ്റ്റ് എക്സിബിഷൻ. വിവിധ ജില്ലകളിൽ നിന്നുള്ള 1200 വനിതാ സംരംഭകർ ഒരേ കുടക്കീഴിൽ അണിനിരന്ന വനിതാ സംരംഭക കോൺക്ലേവിൽ വൈവിധ്യമാർന്ന മുള ഉല്പന്നങ്ങളുടെ എക്സിബിഷൻ കൗതുകവും ആവേശവുമുണർത്തി.

പ്രളയവും കോവിഡ് മഹാമാരിയും പ്രതിസന്ധി തീർത്ത വയനാട് ജില്ലയിലെ വനിത സംരംഭകരാണ് വൈവിധ്യമാർന്ന മുള ഉല്പന്നങ്ങളുടെ എക്സിബിഷൻ അവതരിപ്പിച്ചത്. ദീർഘകാലം ഈടു നിൽക്കുന്ന ഗുണമേന്മ ഏറിയ മുള കൊണ്ടുള്ള വീട്ടുപകരണങ്ങൾ, മുളയിൽ തീർത്ത ശില്പങ്ങൾ, ആഭരണങ്ങൾ, പേനകൾ, പെയിന്റിങ്ങുകൾ, സ്പീക്കറുകൾ എന്നിവയായിരുന്നു എക്സിബിഷൻ സ്റ്റാളിലെ മുഖ്യ ആകർഷണങ്ങൾ.



## ലൈഫ് സയൻസിൽ അനന്ത സാധ്യതകൾ തുറന്ന്

# ബയോ കണക്ട് 3.0 കോൺക്ലേവ്




കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്കും തോന്നയ്ക്കൽ ബയോലൈഫ് സയൻസസ് പാർക്കും സംഘടിപ്പിച്ച ബയോ കണക്ട് കോൺക്ലേവ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനംചെയ്തു. കോവളം ലീല റാവിസ് ഹോട്ടലിൽ 2025 ഒക്ടോബർ 9, 10 തീയതികളിലായി സംഘടിപ്പിച്ച ദ്വദിന അന്താരാഷ്ട്ര കോൺക്ലേവിൽ 183 കോടി രൂപയുടെ നിക്ഷേപമാണ് പ്രഖ്യാപിക്കപ്പെട്ടത്.

രോഗനിർണയത്തിനായി കുറഞ്ഞ ചിലവിൽ ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ നിർമാണം, ഡിഎൻഎ അടിസ്ഥാനമാക്കി അതിവേഗം രോഗാണുക്കളെ തിരിച്ചറിയാനുള്ള സംവിധാനങ്ങൾ, നൂതന സംവിധാനങ്ങളുള്ള രോഗനിർണയ കിറ്റുകൾ, എഐ അധിഷ്ഠിത പോയിന്റ് ഓഫ് കെയർ ടെസ്റ്റിങ് ഉപാധികളുടെ നിർമാണം, മറ്റ് മെഡിക്കൽ ഉപകരണങ്ങളുടെ നിർമാണം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപം. ജീവശാസ്ത്രരംഗത്തെ വിദ്യാർഥികൾക്കും ഗവേഷകർക്കും നൂതനാശയങ്ങൾ സാക്ഷാത്കരിക്കാൻ സജ്ജീകരിക്കുന്ന 'ക്ലിപ് ഡിഎൻഎ ഇൻക്യുബേഷൻ സെന്റർ' പ്രഖ്യാപനവും നടന്നു.കേരളത്തിന്റെ ബയോ ഇക്കോണമി - കരുത്തും അവസരങ്ങളും എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ച പുത്തനാശയങ്ങളുടെ വേദിയായി.

കേരളത്തെ ആരോഗ്യ - ബയോടെക് മേഖലകളിലെ ഇന്നൊവേഷൻ ഹബ്ബ് ആക്കുക എന്ന ലക്ഷ്യത്തോടെയാണ് 'Connecting Science to Business' എന്ന മുദ്രാവാക്യവുമായി കോൺക്ലേവ് സംഘടിപ്പിക്കുന്നത്. ലൈഫ് സയൻസ് മേഖലയിൽ കേരളത്തിന് വലിയ സാധ്യതയുണ്ടെന്നും ഇത് മുന്നിൽകണ്ട് പ്രത്യേക ബയോടെക് നയനിർമാണത്തിന് തയ്യാറാകണമെന്നും ബയോകണക്ട് കോൺക്ലേവിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു.

ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി 700 ലധികം പ്രതിനിധികളും 75ലധികം എക്സിബിറ്റർമാരുമാണ് കോൺക്ലേവിൽ പങ്കെടുത്തത്. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ ശ്രീ. പി. വിഷ്ണു രാജ് ഐ.എ.എസ്., കേംബ്രിജ് ഇന്നവേഷൻ സെന്റർ സഹസ്ഥാപകൻ ശ്രീ. ടിം റോ, കെഎസ്ഐഡിസി ചെയർമാൻ ശ്രീ. സി. ബാലഗോപാൽ, എന്നിവർ കോൺക്ലേവിൽ സന്നിഹിതരായിരുന്നു.

## കേരളാ റബ്ബർ ലിമിറ്റഡ് കൈപുസ്തകം പ്രകാശനം ചെയ്തു



റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബാക്കി കേരളത്തെ മാറ്റുകയെന്ന ഉദ്ദേശത്തോടെ പുതുതായി രൂപം നൽകിയ പൊതുമേഖലാ സ്ഥാപനമായ കേരളാ റബ്ബർ ലിമിറ്റഡ് (കെ.ആർ.എൽ.) തയ്യാറാക്കിയ കൈപുസ്തകത്തിന്റെ പ്രകാശനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് സഹായകരമാകുന്ന രീതിയിലാണ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. റബ്ബർ അധിഷ്ഠിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കൾ, നിർമ്മാണ പ്രക്രിയകൾ, ഉൽപ്പന്ന സവിശേഷതകൾ, ആഭ്യന്തര കയറ്റുമതി വിപണന സാദ്ധ്യതകൾ എന്നിവയെ കുറിച്ചുള്ള വിശദാംശങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് പുസ്തകം സഹായകമാകും.

2025 ഒക്ടോബർ 6 ന് നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീമതി ആനി ജ്യൂല തോമസ് ഐ.എ.എസ്. തുടങ്ങിയവർ പങ്കെടുത്തു.

## ഇന്ത്യയിൽ സമഗ്ര ഇ.എസ്.ജി. നയം നടപ്പാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം

വ്യവസായ, സംരംഭക പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക സാമൂഹിക, ഭരണനിർവ്വഹണ ചട്ടക്കൂട് പ്രയോഗത്തിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ സംസ്ഥാന ഇ.എസ്.ജി നയം (Environment, Social and Governance (ESG) Policy) മന്ത്രിസഭ അംഗീകരിച്ചു. ഇ.എസ്.ജി. തത്വങ്ങൾ പാലിക്കുന്ന നിക്ഷേപങ്ങളെ ആകർഷിക്കുകയും അത്തരം നിക്ഷേപങ്ങൾക്ക് അനുയോജ്യമായ ഇന്ത്യയിലെ ഒന്നാമത്തെ ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റുകയുമാണ് നയത്തിലൂടെ ലക്ഷ്യമിടുന്നത്. സമഗ്രമായ ഒരു ഇ.എസ്.ജി നയം അവതരിപ്പിക്കുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമാണ് കേരളം.

പരിസ്ഥിതിക്കിണങ്ങുന്നതും സോളാർ പദ്ധതികൾക്കും, പുനരുപയോഗ ഊർജത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് നയം നടപ്പാക്കുന്നത്. ഇ.എസ്.ജി തത്വങ്ങൾ നടപ്പിലാക്കുന്നത് പ്രോത്സാഹിപ്പിക്കാൻ നികുതി ഇളവ്, സബ്സിഡികൾ, വായ്പ ഇളവുകൾ, സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, ഡിപിആർ പിന്തുണ എന്നിവയും ഉറപ്പാക്കും. ഇ.എസ്.ജി നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി പ്രവർത്തിക്കും. അഞ്ചു വർഷത്തേക്കാണ് നയം പ്രാബല്യത്തിലുണ്ടാവുക.

## ഓരോ ഇഴയിലും സ്വപ്നങ്ങൾ നെയ്യാൻ കൈത്തറി കോൺക്ലേവ് 2025

കേരളത്തിലെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ വികസനം സംബന്ധിച്ചും ഈ മേഖല നേരിടുന്ന പ്രതിസന്ധികളും ചർച്ച ചെയ്യുന്നതിനായി വിദഗ്ധരെ ഉൾപ്പെടുത്തി കൈത്തറി കോൺക്ലേവ് 2025 ഒക്ടോബർ മാസം 16-ാം തീയതി റബ്കോ ആഡിറ്റോറിയം, കണ്ണൂരിൽ സംഘടിപ്പിക്കും. ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷനാകുന്ന ചടങ്ങിന്റെ ഉദ്ഘാടനം ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിക്കും. ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. എ. എൻ.ഷംസീർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രസ്തുത കോൺക്ലേവിൽ ജില്ലയിലെ എം.പി., എം.എൽ.എ. എന്നിവർക്കൊപ്പം കയറ്റുമതിക്കാർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കൈത്തറി സഹകരണസംഘം പ്രതിനിധികൾ എന്നിവരും പങ്കെടുക്കും. കൂടാതെ . ഇതോടൊപ്പം 'കൈത്തറി മേഖലയിലെ പഠന റിപ്പോർട്ട്', 'കൈത്തറി - പുതിയ കാലം പുതിയ സമീപനം', 'കൈത്തറി മേഖല - വെല്ലുവിളികളും ബദൽ മാർഗ്ഗങ്ങളും' എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിശദമായ ചർച്ചകളും സംഘടിപ്പിക്കും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.